"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

തീയതി: 5-1-2016

ഉത്തരവ് നം.: E1-34615/13.

---

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 15.10.2015-ലെ E9/100/2015/DSJ(1)നം. ഗസറ്റ് നോട്ടിഫിക്കേഷൻ.
2. GO(P)നം.23/2010/സാ.ക്ഷേ.വ തീയതി: 30.3.2010.

സാമൂഹ്യനീതി വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1:4 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (2) -ലെ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിലവിൽ 13 ഒഴിവുകളാണുള്ളത്. ഈ 13 ഒഴിവുകൾ നിലവിലുണ്ടെങ്കിലും, ഇതിൽ 8 തസ്തികകൾ KPSC വഴി നേരിട്ടുള്ള നിയമനത്തിനായി PSCക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ശേഷിച്ച 5 ഒഴിവുകളാണ് ഉദ്യോഗക്കയറ്റം വഴി നികത്താനുള്ളത്.

(2) CDPO തസ്തികയിലെ ഫീഡർ കാറ്റഗറിയിലെ ഓരോ വിഭാഗത്തിനുമുള്ള കേഡർ സ്ട്രെങ്ത്, നിലവിലുള്ളവരുടെ എണ്ണം, ഒഴിവ് വിവരം എന്നിവയടങ്ങിയ വിശദമായ സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| | | നേരിട്ടുള്ള നിയമനം | ഉദ്യോഗക്കയറ്റം - ICDS – സൂപ്പർവൈസർ വിഭാഗത്തിൽ നിന്ന് | അഭിപ്രായം |
|---|---|---|---|---|
| ആകെ കേഡർ സ്ട്രെങ്ത് | 258 | 52 | 206 | നിയമനാനുപാതം 1:4 (നേരിട്ടുള്ള നിയമനം : ഉദ്യോഗക്കയറ്റം) |
| നിലവിലുള്ള ജീവനക്കാരുടെ എണ്ണം | 245 | 44 | 201 | |
| ഒഴിവുകൾ | 13 | 8 | 5 | |

DB/2015/pro/4.1.16

(3) ഉദ്യോഗക്കയറ്റം വഴി നികത്താനുള്ള ശിശുവികസപദ്ധതി ഓഫീസർമാരുടെ 5 ഒഴിവുകളിൽ 3 ഒഴിവുകൾ 2015 വർഷത്തിൽ ഉണ്ടായിട്ടുള്ളതാണ്. ഈ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് 2015 വർഷത്തെ സെലക്ട് ലിസ്റ്റ് പരാമർശം (1) പ്രകാരം നിലവിലുണ്ട്. ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ട ശേഷിച്ച രണ്ട് ഒഴിവുകൾ 1.1.2016നാണ് ഉണ്ടായിട്ടുള്ളത്. ടി ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് 2016 വർഷത്തെ സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ല. എന്നാൽ 2015 വർഷത്തെ സെലക്ട് ലിസ്റ്റിൽ മേൽപ്പറഞ്ഞ 3 പേർ കൂടാതെ 8 പേർ കൂടി അവശേഷിക്കുന്നുണ്ട്. തനതു വർഷത്തിൽ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കാത്തപക്ഷം മുൻവർഷത്തെ സെല്റ്റ് ലിസ്റ്റിന് പ്രാബല്യമുണ്ടാകുമെന്ന് KS&SSR ചട്ടം 28(b)(i)(9) അനുശാസിക്കുന്നു. ഇപ്രകാരം പരാമർശം (1)ലെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന 5 ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

| ക്രമ നം. | ജീവനക്കാരിയുടെ പേര് | 2015-ലെ സെലക്ട് ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| 1. | ശ്രീമതി. വി.പി നന്ദിനി | 30 |
| 2. | ശ്രീമതി. വി. ജയഭാരതി | 31 |
| 3. | ശ്രീമതി. സി.എസ് ഗീത | 32 |
| 4. | ശ്രീമതി. പി രഞ്ജിനി | 33 |
| 5. | ശ്രീമതി. പി.അന്നമ്മാ വർഗ്ഗീസ് | 34 |

(4) മേൽ വിവരിച്ച ഐ.സി.ഡി.എസ് സൂപ്പർവൈർമാരെ KS &SSR ചട്ടം 28(എ)(1) പ്രകാരം 18740-33680/- രൂപ ശമ്പള സ്കെയിലിൽ ശിശുവികസന പദ്ധതി ഓഫീസർമാരായി ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിനു നേരെ ചുവടെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ടും, ടി ഉദ്യോഗക്കയറ്റത്തിന് മുന്നോടിയായി ശിശുവികസനപദ്ധതി ഓഫീസർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും ചുമതല ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥലംമാറ്റം :</u>

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയവും | അഭിപ്രായം/ ചുമതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീമതി. സെറീന നാഗൂർ ശിശുവികസന പദ്ധതി ഓഫീസർ, ICDS, അരീക്കോട് അഡീ. | ശിശുവികസന പദ്ധതി ഓഫീസർ, കോഴിക്കോട് അർബൻ II | അപേക്ഷ |

| | | | |
|---|---|---|---|
| 2 | ശ്രീമതി. കെ.എസ്. സജി<br>ശിശുവികസന പദ്ധതി ഓഫീസർ<br>തിരൂർ. | ശിശുവികസന പദ്ധതി<br>ഓഫീസർ,<br>കഞ്ഞിക്കുഴി അഡീ. | അപേക്ഷ |

ഉദ്യോഗക്കയറ്റം

| ക്രമ നം. | ജീവനക്കാരിയുടെ പേര് , തസ്തിക ഇപ്പോൾ ജോലിനോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി. വി.പി.നന്ദിനി<br>സൂപ്പർവൈസർ<br>ICDS ബാലുശ്ശേരി | ശിശുവികസന പദ്ധതി<br>ഓഫീസർ,<br>ICDS ബാലുശ്ശേരി അഡീ. | |
| 2. | ശ്രീമതി. വി.ജയഭാരതി<br>സൂപ്പർവൈസർ<br>ICDS, കൊണ്ടോട്ടി. | ശിശുവികസന പദ്ധതി<br>ഓഫീസർ,<br>ICDS, സുൽത്താൻബത്തേരി<br>അഡീ. | |
| 3. | ശ്രീമതി. സി.എസ്.ഗീത<br>സൂപ്പർവൈസർ<br>ICDS, പാറശ്ശാല. | ശിശുവികസന പദ്ധതി<br>ഓഫീസർ,<br>ICDS തിരൂർ. | |
| 4. | ശ്രീമതി. പി.രഞ്ജിനി<br>സൂപ്പർവൈസർ,<br>ICDS കോഴിക്കോട് അർബൻ III | ശിശുവികസന പദ്ധതി<br>ഓഫീസർ,<br>ICDS അരീക്കോട് അഡീ. | |
| 5. | ശ്രീമതി. പി. അന്നമ്മവർഗ്ഗീസ്<br>സൂപ്പർവൈസർ<br>ICDS കൂവപ്പടി. | ശിശുവികസന പദ്ധതി<br>ഓഫീസർ,<br>ICDS ഇരിക്കൂർ അഡീ. | |

(5) ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ കാര്യാലയ മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ശിശുവികസന പദ്ധതി ഓഫീസർമാർ അതാത് പ്രോജക്ടിലെ സീനിയർ സൂപ്പർവൈസർക്ക് CDPOയുടെ പൂർണ്ണ അധിക ചുമതല നൽകി വിടുതൽ ചെയ്യേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം (with C/L)
2. എല്ലാ ആർ.എ.ഡി.മാർക്കും.
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5. E1 മുതൽ E9 സീറ്റ് വരെ.
6. സൂപ്രണ്ട്, എ, ബി, ICDS സെക്ഷൻ.
7. സ്റ്റോക്ക് ഫയൽ / സ്പെയർ.

**ഉത്തരവിൻപ്രകാരം**

(signature)

സൂപ്രണ്ട്

DB/2015/pro/4.1.16